**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **30-01-2024 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി മുഖേന നടപ്പാക്കുന്ന എറണാകുളം ജില്ലയിലെ തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD പ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച തങ്കളം - കാക്കനാട് നാലുവരി പാതയുടെ 20/000 കി.മീ മുതൽ 27/324 കി.മീ വരെയുള്ള ചെയിനേജിന്റെ DPR പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB കിഫ്‌ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത DPR പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രാഥമിക സാങ്കേതിക അവലോകന റിപ്പോർട്ടും, 13/07/2021-ന് നടത്തിയ സ്ഥല പരിശോധനയുടെ റിപ്പോർട്ടും തുടർനടപടികൾക്കായി കിഫ്‌ബിയിൽ നിന്നും KRFB-ക്ക് നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ കോതമംഗലം മണ്ഡലത്തിൽ വരുന്ന 20/000 മുതൽ 27/324 കി.മീ വരെയുള്ള ചെയിനേജിൽ Gradient 18% മുതൽ 34% വരെ ആയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്ന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഉന്നതതല തീരുമാനം എടുക്കുന്നതിനായി KRFB കിഫ്‌ബിക്ക് കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12/05/2023-ന് കിഫ്‌ബിയിലെ ഉന്നതതല ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെയുള്ള (ചെയിനേജ് 0/000 മുതൽ 27/324 വരെ) ഇപ്പോഴത്തെ അലൈൻമെന്റ് കിഫ്‌ബി മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത വിവരം KRFB-യെ അറിയിക്കുകയും ചെയ്തിരുന്നു. ഈ അലൈൻമെന്റിൽ ഉൾപ്പെടുന്ന ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന 24/600 മുതൽ 26/057 വരെയുള്ള ഭാഗം സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നാണ് KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | അലൈൻമെന്റിൽ മാറ്റം വരുത്താതെ കിഫ്ബി പദ്ധതിയായി തന്നെ പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ? | (ബി) | 12/05/2023-ന് കിഫ്ബിയിലെ ഉന്നതതല ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെയുള്ള (ചെയിനേജ് 0/000 മുതൽ 27/324 വരെ) ഇപ്പോഴത്തെ അലൈൻമെന്റ് IRC മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ IRC മാനദണ്ഡ പ്രകാരം നടപ്പാക്കുവാൻ കഴിയുന്ന ബദൽ അലൈൻമെന്റിനുള്ള സാധ്യത പരിശോധിച്ച് കിഫ്ബിക്ക് സമർപ്പിക്കുവാൻ SPV ആയ KRFB-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ